# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 26/2813/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 26/2813/22 തീയ്യതി: 03/01/2023

## മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-12-2021 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപ്പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷൗക്കത്തലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.രാഘവൻ.പി.പി | സെക്രട്ടറി | 01-04-2021 | 23-08-2021 |
| ശ്രീമതി.ദീപ എം നായർ | സെക്രട്ടറി | 24-08-2021 | 01-09-2021 |
| ശ്രീമതി.രാജശ്രീ.വി | സെക്രട്ടറി | 02-09-2021 | 30-09-2021 |
| ശ്രീ.രാഘവൻ.പി.പി | സെക്രട്ടറി | 01-10-2021 | 14-02-2022 |
| ശ്രീമതി.രാജശ്രീ.വി | സെക്രട്ടറി | 15-02-2022 | 23-02-2022 |
| ശ്രീമതി.സബിദ.യു | സെക്രട്ടറി | 24-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.രാജശ്രീ.വി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.നിസാം അലി | മെഡിക്കൽ ഓഫീസർ ( FHC) | 01-04-2021 | 09-03-2022 |
| ഡോ.മുനീർ.എം | മെഡിക്കൽ ഓഫീസർ ( FHC) | 10-03-2022 | 31-03-2022 |
| ഡോ.ഷമി.പി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.എബിത ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജംഷീർ.പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ജയപ്രകാശ്.കെ.വി | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.അജിത | അസി. എഞ്ചിനീയർ | 01-04-2021 | 03-06-2021 |
| ശ്രീമതി.ഹസീന.എൻ.കെ | അസി. എഞ്ചിനീയർ | 04-06-2021 | 22-07-2021 |
| ശ്രീമതി.ഷൈനി.കെ.പോൾ | അസി. എഞ്ചിനീയർ | 23-07-2021 | 31-03-2022 |
| ശ്രീമതി.ഉമൈസ്.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സജിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷൻ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ | 1-11 |
| 12 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി:നഷ്ടം 49419 രൂപ | 1-12 |
| 13 | ടെണ്ടർ Below കുറവ് ചെയ്തില്ല; 41972 രൂപയുടെ നഷ്ടം | 1-13 |
| 14 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി: നഷ്ടം 14261 രൂപ. | 1-14 |
| 15 | അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല. | 1-15 |
| 16 | വീട് വാസയോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത. | 1-16 |
| 17 | സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല. | 1-17 |
| 18 | പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-18 |
| 19 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-19 |
| 20 | രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ | 1-20 |
| 21 | എഫ്.എച്ച്.സിയിലേക്ക് പ്രിന്റർ. വാങ്ങൽ പദ്ധതി- പ്രിന്റർ ലഭ്യമായില്ല | 1-21 |
| 22 | മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ- 2,26,919/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-22 |
| 23 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല | 1-23 |
| 24 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ- ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല. | 1-24 |
| 25 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി കുറവായി | 1-25 |

| | | |
|---|---|---|
| | നിർണ്ണയിച്ചു | |
| 26 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-26 |
| 27 | ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-27 |
| 28 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തില്ല. | 1-28 |
| 29 | അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം -അവലോകനം | 1-29 |
| 30 | എക്കോഷോപ്പ് മുഖേനയുള്ള വാങ്ങൾ - ഗ്രാമപഞ്ചായത്തിന് അധിക ചെലവ് | 1-30 |
| 31 | കുടിവെള്ള ടാങ്ക് വിതരണം പദ്ധതി - എസ് സി ,എസ് ടി -അപാകതകൾ | 1-31 |
| 32 | മരണപ്പെട്ട ക്ഷേമപെൻഷനർക്ക് നിലവിലും ക്ഷേമപെൻഷൻ അനുവദിക്കുന്നു. | 1-32 |
| 33 | ഉപയോഗക്രമം മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചില്ല. | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി: നഷ്ടം 49419 രൂപ | 3-1 |
| 2 | ടെണ്ടർ Below കുറവ് ചെയ്തില്ല; 41972 രൂപയുടെ നഷ്ടം | 3-2 |
| 3 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി: നഷ്ടം 14261 രൂപ. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 13.02.2021 | -- |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 17.06.2022 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26520021.40 |
| വരവ് | 103479756 |
| ആകെ | 129999777 |
| ചെലവ് | 93163626 |
| നീക്കിയിരിപ്പ് | 36836151 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24964334 | 24964334 | 23032182 | 1932152 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5202666 | 5202666 | 4877174 | 325492 |
| വികസനഫണ്ട് ടി.എസ്.പി | 0 | 1731000 | 1731000 | 1731000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -(Untied) | 0 | 6450869 | 6450869 | 4867714 | 1583155 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 13394202 | 13394202 | 1224197 | 12170005 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 17116000 | 17116000 | 5750388 | 11365612 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7935743 | 7935743 | 7574967 | 360776 |
| ബി ഫണ്ട് | 0 | 67778340 | 67778340 | 67778340 | 0 (AFSപ്രകാരം) |

.

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 144789756 | 211 | 64899238 | 10 | 29 | 84.4 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 91626.50 | 439504 | 531130.50 | 527649 | 3481.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23803412 | 23803412 | 23803412 | 0 |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2040 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1587400 | 104 |
| വിധവാപെൻഷൻ | 23466400 | 1484 |
| വാർദ്ധക്യകാലപെൻഷൻ | 33478000 | 2286 |
| വികലാംഗപെൻഷൻ | 7929300 | 507 |
| വിവാഹ ധനസഹായം | 480000 | 16 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 835200 | 55 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 996/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

2)സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2022 | 09/2022 | 27.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 മുതൽ 02.01.2014 വരെ | 2008 -2009 മുതൽ 2012-13 വരെ | 05.02.2014 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) Tender Forms രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയ 2,11,740രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

3)പ്രത്യേക എ സി ആറിൽ വിശദാംശങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4ൽ രേഖപ്പെടുത്തിയ( തൊഴിലുറപ്പ് പദ്ധതി നിക്കിയിരിപ്പ് ഉക ഒഴികെ) ഇനങ്ങളിലെ ഉകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

4)മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഇനത്തിലെ ചെലവുതുക വാർഷികകണക്ക് പ്രകാരം (RP7)69,26,763 രൂപ .ആയത് എ സി ആർ പ്രകാരം 75,74,967 രൂപ. വ്യത്യാസം 6,48,204 രൂപ.

5)ജനറൽ പർപ്പസ് ഗ്രാന്റ് വരവ് എ സി ആർ പ്രകാരം 1,72,97,488രൂപ .വാർഷികകണക്ക് പ്രകാരം 1,72,64,000രൂപ വ്യത്യാസം 33,488രൂപ

6)ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ,അൺടൈഡ് ഇനങ്ങളിലെ ചെലവ് ഉക എ സി ആർ പ്രകാരം യഥാക്രമം 12,24,197 രൂപയും 48,67,714 രൂപയുമാണ്. ആയത് വാർഷികകണക്ക് പ്രകാരം യഥാക്രമം 5,11,717 രൂപയും 40,69,554രൂപയുമാണ്.

കൂടാതെ, ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ,അൺടൈഡ് ഇനങ്ങളിലെ ബാലൻസ് ഉക ,ഷെഡ്യൂൾ B 4 പ്രകാരം 94,27,474 രൂപ ആയത് , ഷെഡ്യൂൾ B 17 പ്രകാരം 94,36,386രൂപ

7)ഷെഡ്യൂൾ B 17 പ്രകാരം Advance To Implementing Officers ഇനത്തിൽ 3,00,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അപ്രകാരമൊരുതുകയില്ല.

8)അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയ ഉകകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9)ഷെഡ്യൂൾ B 17 പ്രകാരം റെന്റ് ഡെപ്പോസിറ്റ് (7920 രൂപ ),Election Deposit (94,500 രൂപ ) എന്നിങ്ങനെ ഡെപ്പോസിറ്റ് ഉകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10) തൊഴിലുറപ്പുപദ്ധതി മൊത്തം ചെലവ് ഉക രേഖപ്പെടുത്തിയത് വാർഷികകണക്ക് പ്രകാരം 2,89,25,950രൂപ .ആയത് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2,43,31,061 രൂപ. തൻവർഷം 5,36,576രൂപയുടെ മെറ്റീരിയർ പ്രവൃത്തിമാത്രമാണ് ചെയ്തിട്ടുള്ളത് എന്നിരിക്കെ 45,94,889രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

11)രജിസ്റ്ററിൽ മുഴുവൻ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 5ൽ രേഖപ്പെടുത്തിയ ലോൺ ഉകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

12)ഓഡിറ്റ് റിക്കവറി ഇനത്തിൽ രജിസ്റ്റർ പ്രകാരം ആകെ ഉക 58,122രൂപ .എന്നാൽ ആയത് വാർഷികകണക്ക് പ്രകാരം 38,454 രൂപ .വ്യത്യാസം 19,668രൂപ.

13)റീകൺസിലേഷൻ പത്രികകൾ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14)ദുരിതാശ്വാസ നിധി (അക്കൗണ്ട് നം. 0102000083 ചോക്കാട് സർവ്വീസ് സഹകരണ ബാങ്ക്) വാർഷികകണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിന്റെ ബാങ്ക് സ്റ്റേറ്റുമെന്റും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

15)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ ഉകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

16)അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

17)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

18)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

(ഓഡിറ്റ് എൻക്വയറി നം. 2 /2021-22/17.11.22)

## 1-12 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി:നഷ്ടം 49419 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 60 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 56 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളത്തിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 56 എണ്ണത്തിലെ 15 എണ്ണം നേരിൽ പരിശോധിച്ചതിൽ 9 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 16-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെടുകയും അസി.എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (സ്ഥല പരിശോധനാ റിപ്പോർട്ട് കാണുക) സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Od 1395324/21-22 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 49419 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത്: | |
|---|---|
| MORD 2016,Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | കോഴിക്കോടൻമുണ്ട റോഡ് കോൺക്രീറ്റ്, 67/22<br>അടങ്കൽ: 350000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 317/AE/LID&EW /CKD/21-22/5-11-21<br>(31.00% Below ER)<br>ചെലവ്: 172259 രൂപ<br>വൗച്ചർ നമ്പർ: 40/21-22/22-2-22<br>അളവ് പുസ്തകം: 17/21-22<br>അളവെടുത്ത തീയതി: 10-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.462 M3 | 27.462m3x291.65= 8009.29<br>(+) 12% GST: = 961.11<br>ആകെ: 8970.40<br>(-)Tendervariation31.0% : 2780.82<br>ബാക്കി: 6189.57<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6189.57 X 50 % = 3094.78<br>Rounded: 3095 രൂപ |
| 2 | തയ്യിൽ കെട്ടുങ്ങൽ റോഡ് കോൺക്രീറ്റ്, 145/22 | 27.691 M3 | 27.691m3x291.65= 8076.08<br>(+) 12% GST: = 969.12 |

| | | | |
|---|---|---|---|
| | അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 18/AE/LID&EW /CKD/21-22/5-11-21<br>(30.61% Below ER)<br>ചെലവ്: 173307 രൂപ<br>വൗച്ചർ നമ്പർ: 44/21-22/22-2-22<br>അളവ് പുസ്തകം: 18/21-22<br>അളവെടുത്ത തീയതി: 9-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | | ആകെ: 9045.20<br>(-)Tendervariation30.61%: 2768.73<br>ബാക്കി: 6276.46<br>Rounded: 6276 രൂപ |
| 3 | കുന്നമ്മൽ കുഞ്ഞാണിപ്പടി രാമേട്ടൻപടി റോഡ് കോൺക്രീറ്റ്, 141/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 11/AE/LID&EW/CKD/21-22 /5-11-21<br>( 31.20% Below ER)<br>ചെലവ്: 171759 രൂപ<br>വൗച്ചർ നമ്പർ: 38/21-22/17-2-22<br>അളവ് പുസ്തകം: 11/21-22<br>അളവെടുത്ത തീയതി: 5-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 28.63 M3 | 28.63m3x291.65= 8349.93<br>(+) 12% GST: = 1001.99<br>ആകെ: 9351.92<br>(-)Tendervariation31.2%: 2917.79<br>ബാക്കി: 6434.12<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6434.12 X 50 % = 3217.06<br>Rounded: 3217 രൂപ |
| 4 | കുളം പടി ഹംസപ്പടി റോഡ് കോൺക്രീറ്റ്, 66/22<br>അടങ്കൽ: 350000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അജയ് കൃഷ്ണ എ<br>കരാർ: 26/AE/LID&EW /CKD/21-22/3-1-22<br>(ER)<br>ചെലവ്: 349483 രൂപ<br>വൗച്ചർ നമ്പർ: 30/21-22/4-2-22<br>അളവ് പുസ്തകം: 26/21-22<br>അളവെടുത്ത തീയതി: 29-11-21 (അളവ് പുസ്തകം പേജ് 6) | 38.17 M3 | 38.17m3x291.65= 11132.28<br>(+) 12% GST: = 1335.87<br>ആകെ: 12468.15<br>(-)Tendervariation Nil%: 00.00<br>ബാക്കി: 12468.15<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>12468.15 X 50 % = 6234.07<br>Rounded: 6234 രൂപ |

| | | | |
|---|---|---|---|
| | MORD-2016,C I 31.06% | | |
| 5 | സ്രാമ്പിക്കല്ല് അംഗണവാടി റോഡ് കോൺക്രീറ്റ്, 67/22<br>അടങ്കൽ: 350000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 32/AE/LID&EW /CKD/21-22/5-1-22<br>( ER)<br>ചെലവ്: 349758രൂപ<br>വൗച്ചർ നമ്പർ: 32/21-22/4-2-22<br>അളവ് പുസ്തകം: 32/21-22<br>അളവെടുത്ത തീയതി: 27-1-22 (അളവ് പുസ്തകം പേജ് 7)<br>MORD-2016,C I 31.06% | 39.878 M3 | 39.878m3x291.65= 11630.41<br>(+) 12% GST: = 1395.65<br>ആകെ: 13026.06<br>(-)Tendervariation0% : 00.00<br>ബാക്കി: 13026.06<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>13026.06 X 50 % = 6513.03<br>Rounded: 6513 രൂപ |
| 6 | മരുതങ്കാട് കുറിഞ്ഞിയമ്പലം റോഡ് കോൺക്രീറ്റ്, 140/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 10/AE/LID&EW /CKD/21-22/5-11-21<br>( 32.00% Below ER )<br>ചെലവ്: 169762രൂപ<br>വൗച്ചർ നമ്പർ: 37/21-22/17-2-22<br>അളവ് പുസ്തകം: 140/21-22<br>അളവെടുത്ത തീയതി: 9-2-22 (അളവ് പുസ്തകം പേജ് 7)<br>MORD-2016,C I 31.06% | 27.27 M3 | 27.27m3x291.65= 7953.29<br>(+) 12% GST: = 954.39<br>ആകെ: 8907.68<br>(-)Tendervariation32.0%: 2850.45<br>ബാക്കി: 6057.22<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6057.22 X 50 % = 3028.61<br>Rounded: 3029 രൂപ |
| 7 | കുട്ടിക്കുന്ന് കുമ്മാളിപ്പടി റോഡ് കോൺക്രീറ്റ്, 134/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 14/AE/LID&EW /CKD/21-22/5-11-21<br>( 30.81% Below ER )<br>ചെലവ്: 172904രൂപ<br>വൗച്ചർ നമ്പർ: 43/21-22/22-2-22 | 28.388 M3 | 28.388m3x291.65= 8279.36<br>(+) 12% GST: = 993.52<br>ആകെ: 9272.88<br>(-)Tendervariation30.81%: 2856.97<br>ബാക്കി: 6415.90<br>Rounded: 6416 രൂപ |

| | | | |
|---|---|---|---|
| | അളവ് പുസ്തകം: 14/21-22<br>അളവെടുത്ത തീയതി: 14-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | | |
| 8 | മൈലാടിച്ചോല കുപ്പച്ചിപ്പടി പാന്തൽപടി റോഡ് കോൺക്രീറ്റ്, 153/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 6/AE/LID&EW/CKD/21-22 /5-11-21<br>( 31.41% Below ER )<br>ചെലവ്: 171310രൂപ<br>വൗച്ചർ നമ്പർ: 42/21-22/22-2-22<br>അളവ് പുസ്തകം: 6/21-22<br>അളവെടുത്ത തീയതി: 14-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.282 M3 | 27.282m3x291.65= 7956.79<br>(+) 12% GST: = 954.81<br>ആകെ: 8911.60<br>(-)Tendervariation31.41%: 2799.13<br>ബാക്കി: 6112.46<br>(കുറിപ്പ്: 10% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6112.46 X 90 % = 5501.22<br>Rounded: 5501 രൂപ |
| 9 | മമ്പാട്ടുമൂല ഷാജിപ്പടി റോഡ് കോൺക്രീറ്റ്, 152/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ സൈഫുള്ള കെ<br>കരാർ: 22/AE/LID&EW /CKD/21-22/31-12-21<br>(ER)<br>ചെലവ്: 249650രൂപ<br>വൗച്ചർ നമ്പർ: 36/21-22/17-2-22<br>അളവ് പുസ്തകം: 22/21-22<br>അളവെടുത്ത തീയതി: 8-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.975 M3 | 27.975m3x291.65= 8158.90<br>(+) 12% GST: = 979.06<br>ആകെ: 9137.96<br>(-)Tendervariation 0 %: 00<br>ബാക്കി: 9137.96<br>Rounded: 9138 രൂപ |
| | | ആകെ | 49419 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 49419 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണ്. കൂടാതെ, മേൽ 56 എണ്ണത്തിലെ 15 എണ്ണം പരിശോധിച്ചതിൽ 9 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 16-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ 56 എണ്ണത്തിലെ 15 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് മേൽ നിരക്ക് പ്രകാരം തുക

ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 15/18-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 49419/- രൂപ, പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. (ഭാഗം 3 കാണുക)

## 1-13 ടെണ്ടർ Below കുറവ് ചെയ്തില്ല; 41972 രൂപയുടെ നഷ്ടം

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ചോക്കാട് ഗവൺമെന്റ് സ്കൂൾ നവീകരണം 226/22

അടങ്കൽ: 300000 രൂപ. (MG- N R)

കരാറുകാരൻ: ശ്രീ ഫൈസൽ ഹഖ് ടി (14% Below E R)

കരാർ: 37/AE/LID & EW/CKD/21-22/17-1-22

അളവ് പുസ്തകം: 37/22

ചെലവ്: 299801 രൂപ

ബിൽ നംപർ: 72/21-22/30-3-22

മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 14 % കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ഫൈസൽ ഹഖിന്റെ ടെണ്ടർ അംഗീകരിച്ച് മേൽ പ്രകാരം കരാർ വെക്കുകയും ടി യാൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നൽകിയത്(രൂപ) | നൽകാവുന്നത് (രൂപ) | അധികം (രൂപ) |
|---|---|---|---|
| മൂല്ല്യനിർണ്ണയം | 267679.29 | 267679.29 | |
| (-) ടെണ്ടർ കുറവ് 14% | ----------- | 37475.10 | |
| ബാക്കി | 267679.29 | 230204.19 | |
| (+) 12% GST | 32121.51 | 27624.50 | |
| ആകെ | 299801 (Rounded) | 257829 (Rounded) | 41972 |
| (-) നികുതികൾ | 10708 | 9208 | 1500 |
| കരാറുകാരന് | 289093 | 248621 | 40472 |

ടെണ്ടർ Below കുറവ് ചെയ്യാതിരുന്നതിനും ആയത് വഴി അധികത്തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരന് അധികം നൽകിയ 40472 രൂപ കരാറുകാരനിൽ നിന്നീടാക്കേണ്ടതും നികുതിയിനത്തിൽ അധികം നൽകിയ 1500 രൂപ (10708 – 9208) അതാത് സ്ഥാപനങ്ങളിൽ നിന്നീടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 1/14-11-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 41972/- രൂപയിൽ, 40472 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതും നികുതിയിനത്തിൽ അധികം നൽകിയ 1500 രൂപ അതാത് സ്ഥാപനങ്ങളിൽ നിന്നീടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്. (ഭാഗം 3 കാണുക)

## 1-14 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി: നഷ്ടം 14261 രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിൽ, Purlin നിർമിച്ചതിന് പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ പ്രകാരമുള്ള സിംഗിൾ സെക്ഷൻ നിരക്കും

അവശേഷിക്കുന്നവക്ക് ട്രസ്സ് വർക്കിന് ബാധകമായ നിരക്കുമാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ 16-11-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമേ നൽകാനാവൂ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| പ്രവൃത്തി: താൾക്കണ്ടി അംഗനവാടി സ്മാർട്ട് ആക്കൽ 31/22<br>അടങ്കൽ: 200000 രൂപ. (MG- N R)<br>കരാറുകാരൻ: ശ്രീ അജയ് കൃഷ്ണ (E R)<br>കരാർ: 1/AE/LID&EN /20-21 /&EN/CKD/21-22/1-11-21<br>TS: LSGD/TS/21-22/38006 /27-9-21<br>അളവ് പുസ്തകം: 1/21-22<br>ചെലവ്: 199499 രൂപ<br>വൗച്ചർ നംപർ:31/21-22 /4-2-22<br>കോസ്റ്റ് ഇൻഡക്സ്: 31.06% | ഇനം 1<br>456.558Kg<br>കുറിപ്പ്: ആകെ 490.105 Kg ചെയ്തതിൽ 33.547 Kg, Built Up ആണ് ) | 59927.80 രൂപ<br>@131.26/Kg | 48796.91 രൂപ<br>@106.88/kg | 11130.88 രൂപ<br>(+)12% GST:1335.70 )<br>ആകെ: 12466.58<br>Ie.. 12467രൂപ |
| പ്രവൃത്തി: ഉദരംപോയിൽ സ്കൂൾ ക്ളാസ്സ് റൂം നിർമാണം248/22<br>അടങ്കൽ: 300000 രൂപ. (വികസന ഫണ്ട്-G)<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് (E R)<br>കരാർ: 80/AE/LID /20-21 /&EN/CKD/21-22/11-3-22<br>TS: LSGD/TS/21-22/10377 /22-2-22<br>അളവ് പുസ്തകം: 81/21-22, 81 A/21-22<br>ചെലവ്: 298485 രൂപ<br>വൗച്ചർ നംപർ: 100/21-22 /30-3-22:Rs 25633<br>വൗച്ചർ നംപർ: 105/21-22 | ഇനം 1<br>42.39Kg | 8099.88 രൂപ<br>@191.08/Kg | 6497.96 രൂപ<br>@153.29/kg | 1601.91 രൂപ<br>(+)12% GST: 192.23<br>ആകെ: 1491.14<br>Ie.. 1794 രൂപ |

| | | | | |
|---|---|---|---|---|
| /30-3-22:Rs 42152<br>കോസ്റ്റ് ഇൻഡക്സ്: 36.44% | | | | |
| | | | ആകെ | 14261 രൂപ |

അധികം നൽകിയ 14261 രൂപ മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം മേൽ പ്രവൃത്തിയുടെ അളവെടുത്ത/ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/18-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 14261/- രൂപ, പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-15 അളവ് പുസ്തകം, ടെണ്ടർ ഫോം എന്നിവ യഥാരീതിയിൽ സ്റ്റോക്കിലെടുക്കുന്നില്ല.

1) അളവ് പുസ്തകം

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം K.P.W. Form 84 മാതൃകയിൽ അളവ് പുസ്തകങ്ങൾക്ക് ഒരു സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കണം. ഇതിൽ അളവ് പുസ്തകത്തിന്റെ ക്രമ നമ്പർ ഇഷ്യൂ ചെയ്യുന്ന തീയ്യതി എന്നിവ രേഖപ്പെടുത്തണം. കൈപ്പറ്റുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് വാങ്ങിക്കണം. ഗ്രാമ പഞ്ചായത്തുകളിൽ അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് സൂക്ഷിപ്പ് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തിൽ കൈപ്പറ്റുന്ന അളവ് പുസ്തകങ്ങൾക്ക് ക്രമ നമ്പർ നൽകി സ്റ്റോക്കിലെടുക്കുകയും, അസിസ്റ്റന്റ് എഞ്ചിനീയർ/MGNREGS യുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആയത് ആവശ്യാനുസരണം ഇഷ്യൂ ചെയ്യുകയും ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ പഞ്ചായത്തിൽ ലഭിക്കുന്ന അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ വിശദാംശം സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അതേ സമയം അസിസ്റ്റന്റ് എഞ്ചിനീയർ(LSGD, MGNREGS) എന്നിവർ അളവ് പുസ്തകങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ലെങ്കിലും ആയത് സ്റ്റോക്കിലെടുക്കാതെ കൈവശം വച്ച് ഒരു ഇഷ്യൂ രജിസ്റ്ററിൽ ആവശ്യാനുസരണം ക്രമനമ്പർ രേഖപ്പെടുത്തി ഉപയോഗിച്ച് വരുകയാണ് ചെയ്യുന്നത്.

2) ടെണ്ടർ ഫോം

മേൽ വിശദീകരിച്ചത് പോലെ, ടെണ്ടർ ഫോം സെക്രട്ടറി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ വിശദാംശം സ്റ്റോക്ക് ആന്റ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, MGNREGS അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുക പോലും ചെയ്യുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/18-11-22 നമ്പർഓഡിറ്റ് എൻക്വയറിക്ക് സ്റ്റോക്ക് രജിസ്റ്റർ ഭാവിയിൽ സൂക്ഷിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതേ സമയം സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ(MGNREGS) എന്നിവർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക വിശദീകരണം നൽകേണ്ടതും പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത.

| | | |
|---|---|---|
| പദ്ധതി നമ്പർ | : | 105/22 |
| പേര് | : | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |
| അടങ്കൽ തുക (₹) | : | 34,00,000/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് (₹) | : | 34,00,000/- |
| ബിൽ റഫറൻസ് നമ്പർ / തീയതി | : | 21151352028701423244/23.03.2022 – 40,000/- രൂപ |
| | : | 21151352028700692370/24.11.2021 – 7,20,000/- രൂപ |
| | : | 21151352028700848503/28.12.2021 – 8,00,000/- രൂപ |
| | : | 21151352028700946958/14.01.2022 – 6,80,000/- രൂപ |
| | : | 21151352028701325576/15.03.2022 – 4,40,000/- രൂപ |
| | : | 21151352028701142667/17.02.2022 – 7,20,000/- രൂപ |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി.14.02.2018) പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ജനറൽ വിഭാഗത്തിന് പരമാവധി 1,00,000 രൂപ നൽകാവുന്നതാണ്. ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളാണ് ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളതെങ്കിലും ഓവർസിയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിന് 40,000/-രൂപ നിരക്കിലാണ് സബ്സിഡി നൽകിയിട്ടുള്ളത്. ഇപ്രകാരം 85 ഗുണഭോക്താക്കൾക്കായി 34,00,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചു.

ഗ്രാമപഞ്ചായത്ത് 11.10.2021 തീയതിയിലെ 1/11 നമ്പർ തീരുമാന പ്രകാരം, ധനസഹായത്തിന് മുൻഗണനാ ക്രമം നിശ്ചയിച്ച കൊണ്ട് തയ്യാറാക്കിയ 332 പേരടങ്ങിയ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീമതി.റംലത്ത്, D/o.ഹസ്സൻകുരിക്കൾ, പുന്നപ്പാല ഹൌസ്, മാളിയേക്കൽ, ചൂരാട്.പി.ഒ എന്നവർക്ക് 40,000/-രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2). ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാ ക്രമം മറികടന്ന് ധനസഹായം അനുവദിച്ചു.

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലെ 1 മുതൽ 92 വരെയുള്ള ഗുണഭോക്താക്കളിൽ നിന്നും നിർമ്മാണത്തിന് തയ്യാറായ 83 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുകയും പിന്നീട് ക്രമനമ്പർ.93 മുതലുള്ള 135 വരെയുള്ള 42 ഗുണഭോക്താക്കളെ മറികടന്ന് കൊണ്ട് ലിസ്റ്റിൽ ക്രമനമ്പർ.136 പ്രകാരമുള്ള ശ്രീ.രാമൻകുട്ടി, മനയിൽ ഹൌസ്, S/o.ചാത്തൻ, സ്രാമ്പിക്കല്ല്, പുല്ലങ്കോട്.പി.ഒ എന്നവർക്ക് 40,000/-രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 20/19.11.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-17 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.

ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ചെലവ് പത്രികയിൽ യഥാർത്ഥ കണക്കുകൾ പ്രതിഫലിക്കുന്നില്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണ ഉദ്യോഗസ്ഥൻ | സുലേഖ പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് | വ്യത്യാസം. |
|---|---|---|---|---|---|
| 1 | 209/22 – ഹരിത കർമ്മ സേനയ്ക്ക് ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ. | വി.ഇ.ഒ | 0 | 8,300 (തനത് ഫണ്ട്) | (-) 8,300 |
| 2 | 239/22 – ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഐ.ഇ.സി പ്രവർത്തനങ്ങൾ. | വി.ഇ.ഒ | 0 | 9,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) | (-) 9,000 |
| 3 | 237/22 – ഗാർഹിക ശൌചാലയങ്ങളുടെ സെപ്റ്റിക് ടാങ്ക് അറ്റകുറ്റപ്പണി. | വി.ഇ.ഒ | 2,10,000 | 6,35,000 (കേന്ദ്രാവിഷ്കൃത ഫണ്ട്) | (-) 4,25,000 |
| 4 | 63/22 – കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് അധിക ഡോക്ടറും ലാബ് ടെക്നീഷ്യനും. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 7,57,949 | 8,35,318 (തനത് ഫണ്ട്) | (-) 77,369 |
| 5 | 234/22 – ഉറസ്സായ കിണറുകൾ ശുചിത്വ | വി.ഇ.ഒ | 4,74,000 | 3,00,000 (ധനകാര്യ | (+) 1,74,000 |

| | | | | | |
|---|---|---|---|---|---|
| | കിണറുകളാക്കൽ. | | | കമ്മീഷൻ അവാർഡ്) | |

അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 26/19.11.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 പോഷകാഹാര വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

നിർവ്വഹണോദ്ധ്യോഗസ്ഥൻ: ഐ.സി.ഡി.എസ് സൂപ്പർവൈസർ.

അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയിനത്തിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെ 42,70,501/- രൂപ അൽ അമീൻ ന്യൂട്രിമിക്സ്, കല്ലാമൂല പാലം.പി.ഒ, മമ്പാട്ടുമൂല എന്ന കുടുംബശ്രീ യൂണിറ്റിന് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നമ്പർ.</th><th>പ്രൊജക്ട്</th><th>ബിൽ നമ്പർ/തിയ്യതി</th><th>ഇൻവോയിസ് നമ്പർ / തിയ്യതി</th><th>തുക(GSTതുക)</th></tr>
<tr><td rowspan="11">1</td><td rowspan="11">അനുപൂരക പോഷകാഹാര വിതരണം (ജനറൽ) [102/22]</td><td rowspan="3">ബിൽ നമ്പർ. 21151352029101488291/27.03.2022</td><td>42/05.05.2021</td><td>2,96,000</td></tr>
<tr><td>43/01.06.2021</td><td>3,10,060</td></tr>
<tr><td>53/10.07.2021</td><td>3,25,600</td></tr>
<tr><td>ബിൽ നമ്പർ. 2115135202910681088/22.11.2021</td><td>76/06.10.2021</td><td>3,21,530</td></tr>
<tr><td rowspan="5">ചെക്ക് നമ്പർ. 4444275/30.03.2022</td><td>100/10.01.2022</td><td>2,92,300</td></tr>
<tr><td>106/11.02.2022</td><td>3,02,104</td></tr>
<tr><td>112/15.03.2022</td><td>2,88,230</td></tr>
<tr><td>26/03.03.2021</td><td>3,26,340</td></tr>
<tr><td>113/26.03.2022</td><td>2,52,784</td></tr>
<tr><td rowspan="2">ചെക്ക് നമ്പർ. 4425988/20.01.2022</td><td>89/06.12.2021</td><td>2,86,787</td></tr>
<tr><td>88/11.11.2021</td><td>3,15,647</td></tr>
<tr><td rowspan="2">2</td><td rowspan="2">അനുപൂരക പോഷകാഹാര വിതരണം (എസ്.സി) [112/22]</td><td>ബിൽ നമ്പർ. 2115135202910285751/10.08.2021</td><td>29/05.04.2021</td><td>3,16,164</td></tr>
<tr><td>ചെക്ക് നമ്പർ. 4425988/20.01.2022</td><td>68/10.09.2021</td><td>3,23,195</td></tr>
<tr><td>3</td><td>അനുപൂരക പോഷകാഹാര വിതരണം (എസ്.ടി) [114/22]</td><td>ബിൽ നമ്പർ. 21151352029100465696/29.09.2021</td><td>64/09.08.2021</td><td>3,13,760</td></tr>
<tr><td colspan="4">ആകെ</td><td>4270501</td></tr>
</table>

2). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത അൽ അമീൻ ന്യൂട്രിമിക്സ്, കല്ലാമൂല പാലം.പി.ഒ, മമ്പാട്ടുമൂല എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ

സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് / നിർവ്വഹണോദ്യോഗസ്ഥൻ കരാർ ചമച്ചിട്ടുമില്ല.

3). ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010 തീയതിയിലെ ഐ.സി.ഡി.എസ് ബി3-312/10 നമ്പർ കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനത്തിന്റെ ഗുണ നിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ (ലാബ് റിപ്പോർട്ട് ) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.19/19.11.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽവന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി,ചട്ടം13 എന്നിവ കാണുക]. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടികൾ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1). കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും മാവേലി സ്റ്റോർ ചോക്കാടിലെ അസിസ്റ്റന്റ് സെയിൽസ്മാൻ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. മേൽ സർക്കുലർ അടിസ്ഥാനമാക്കി സപ്ലൈകോ മാവേലി സ്റ്റോർ ഉവ്വൂരിൽ 2021-22 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള മുഴുവൻ ജീവനക്കാരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

2). ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | ഐ നെറ്റ് വിഷൻ , കേബിൾ ടി.വി നെറ്റ്വർക്ക് | B3-1104/19.02.21<br>4 | 11/21-22 |
| 2 | അൽ അമീൻ ന്യൂട്രിമിക്സ് | B3-1160/22.02.21<br>5 | 17/21-22 |
| 3 | കടല എള്ള് മിഠായി നിർമ്മാണ യൂണിറ്റ് | B3-1203/25.02.21<br>3 | 37/21-22 |
| 4 | കുട്ടികളുടെ വസ്ത്ര നിർമ്മാണ യൂണിറ്റ് | B3-1542/16.03.21<br>5 | 125/21-22 |

| | | | |
|---|---|---|---|
| 5 | ഫിറ്റ് & ഫിക്സ് വസ്ത്ര നിർമ്മാണം | B3-471/29.01.22<br>4 | 191/21-22 |
| 6 | ADON ചെരുപ്പ് നിർമ്മാണം | B3-788/17.02.22<br>3 | 196/21-22 |

1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ തൊഴിൽ നികുതി കൊടുക്കുന്നതിന് ബാധ്യസ്ഥനാണെങ്കിൽ റിട്ടേൺ സമർപ്പിക്കാൻ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതും ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകി നിശ്ചിത ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിലെ വിവരങ്ങൾ ഉടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്/മൂലധന നിക്ഷേപം എന്നിവ അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽനികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ടെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്ന എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 6/18.11.2022 )

## 1-20 രശീതി പുസ്തകങ്ങളുടെ ഉപയോഗം - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വാട്ടർ ടാങ്ക് വിതരണം - എസ്.സി (പ്രൊജക്ട് നമ്പർ 12/22) എന്ന പദ്ധതിക്കായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് രശീതി പുസ്തകം 8002, 8003 എന്നിവ ഉപയോഗിച്ചിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1). ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

രശീതി പുസ്തകം 8002 ൽ 1 മുതൽ 100 വരെയുള്ള രശീതികളും രശീതി പുസ്തകം 8003 ൽ 1 മുതൽ 68 വരെയുള്ള രശീതികളും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2) . ഗുണഭോക്തൃ വിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് രശീതി നൽകിയിട്ടില്ല. താഴെപ്പറയുന്ന രശീതികളുടെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും രശീതി പുസ്തകത്തിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട്.

രശീതി പുസ്തകം 8002 ലെ 1 മുതൽ 51വരെയുള്ള രശീതികൾ (22.01.2022)

രശീതി പുസ്തകം 8002 ലെ 78/24.01.2022

രശീതി പുസ്തകം 8002 ലെ 84 മുതൽ 98 വരെയുള്ള രശീതികൾ (24.01.2022)

രശീതി പുസ്തകം 8003 ലെ 18 മുതൽ 21വരെയുള്ള രശീതികൾ (05.02.2022)

രശീതി പുസ്തകം 8003 ലെ 22 മുതൽ 24 വരെയുള്ള രശീതികൾ (07.02.2022)

രശീതി പുസ്തകം 8003 ലെ 25 മുതൽ 26 വരെയുള്ള രശീതികൾ (09.02.2022)

രശീതി പുസ്തകം 8003 ലെ 31 മുതൽ 39 വരെയുള്ള രശീതികൾ (10.02.2022)
രശീതി പുസ്തകം 8003 ലെ 44 മുതൽ 53 വരെയുള്ള രശീതികൾ (15.02.2022)
രശീതി പുസ്തകം 8003 ലെ 62 മുതൽ 64 വരെയുള്ള രശീതികൾ (08.03.2022)
രശീതി പുസ്തകം 8003 ലെ 67 മുതൽ 68 വരെയുള്ള രശീതികൾ (19.03.2022)
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/18.11.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-21 എഫ്.എച്ച്.സിയിലേക്ക് പ്രിന്റർ. വാങ്ങൽ പദ്ധതി- പ്രിന്റർ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 92/22 |
| പദ്ധതിയുടെ പേര് | എഫ്.എച്ച്.സിയിലേക്ക് പ്രിന്റർ. |
| അടങ്കൽ തുക | 21000/- രൂപ (1000തനത് ഫണ്ട്+ 20000 റോഡിതരം) |
| വിനിയോഗിച്ച തുക | 20018/- രൂപ<br>ബി.നം 21/21-22/14.02.22- 20000/- (റോഡിതരം)<br>ചെക്ക് നം. 4425783/17.03.2022- 18/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

എഫ്.എച്ച്.സിയിലേക്ക് പ്രിന്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം പ്രിന്റർ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നമ്പർ.TVM/ITBG/PI/RC/34046/20-21 തീയതി. 27.01.2022 പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 20018/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 20018/- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ : 9/18.11.2022)

## 1-22 മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ- 2,26,919/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി 9,00,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആയതിൽ 6,73,081/- രൂപയുടെ മരുന്നുകളാണ് ലഭ്യമായത്. 2,26,919/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ (89/2022) | 5,00,000/- (റോഡിതരം)<br>ബി.നം 6/21-22 /08.07.2021<br>PRF. 745/17.06.2021 | 532/29.07.2021 - 4127/-<br>4214/29.07.2021 - 48228/-<br>4575/03.08.2021-46252/-<br>10121/16.12.2021- 105715/-<br>2907/25.05.2022-65187/-<br>3437/02.06.22- 20723/-<br>14674/22.10.2022- 2771/-<br>8430/ 11.08.2022- 44027/-<br>13081/06.10.2022- 9939/-<br>12102/26.09.2022- 12792/-<br>15099/28.10.2022- 1886/-<br>ആകെ<br>3,61,649/- | 1,38,351/- |

| | | | |
|---|---|---|---|
| പരിരക്ഷ മരുന്ന് വാങ്ങൽ (85/2022) | 4,00,000/- (റോഡിതരം) ബി.നം 5/21-22 /08.07.2021<br>PRF. 691/15.06.2021 | 4209/29.07.2021- 46642/-<br>531/29.07.2021- 4127/-<br>4231/29.07.2021- 8539/-<br>4573/03.08.2021- 19713/-<br>6140/15.09.2021- 13434/-<br>6877/01.10.2021- 4262/-<br>10120/16.12.2021- 44027/-<br>10116/16.12.2021- 47916/-<br>12229/03.02.2022- 43901/-<br>3445/02.06.2022- 7958/-<br>3442/02.06.2022- 61117/-<br>13087/06.10.2022- 6485/-<br>15771/03.11.2022- 3311/-<br>ആകെ- 3,11,432/- | 88,568/- |
| | | 6,73,081/- | 2,26,919/- |

അവശേഷിക്കുന്ന 2,26,919/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 12/18.11.2022)

## 1-23 റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി സമർപ്പിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ കെട്ടിടങ്ങളിലെ അധികം നിർമ്മാണം ക്രമവൽക്കരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| അപേക്ഷകൻ | പെർമിറ്റ് വിവരം | കംപ്ലീഷൻ പ്ലാൻ , അന്വേഷണ റിപ്പോർട്ട് പ്രകാരം | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | റിമാർക്സ് |
|---|---|---|---|---|
| ശ്രീമതി.രമണി.കെ.കെ<br>A5-1962/21 /29.04.2021 | A5- BA(217760)/2018 തി.15.09.2018<br>183.35 ച.മീ (റസിഡൻഷ്യൽ) | 278.21 ച.മീ (GF- 177.55 ച.മീ FF- 100.66 ച.മീ) | 94.86 X 14 = 1328/- | പെർമിറ്റ് ഏരിയ നിന്നും അധികം നിർമ്മിച്ച 94.86 ച.മീ റുലറൈസ് ചെയ്ത് ഒക്യൂപ്പൻസി അനുവദിക്കാവുന്നതാണെന്ന് ഓവർസിയർ റിപ്പോർട്ട്<br>IV/138 B കെട്ടിട നമ്പർ അനുവദിച്ചു. |

| | | | | |
|---|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ തൈതൊടിക<br>A5-2240/21 /24.06.2021 | A5-6178/19 തി.07.03.2020<br>48.4 ച.മീ (വാണിജ്യം) | 153.09ച.മീ<br>(GF- 64.41 ച.മീ<br>FF- 75.72 ച.മീ<br>SF- 12.96 ച.മീ) | 104.69 X 20 = 2093.80/- | III/297 C- 64.41 ച.മീ<br>III/297 D- 29.56 ച.മീ<br>III/297 E- 29.56 ച.മീ<br>III/297 F- 29.56 ച.മീ<br>എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചു. |

ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/18.11.2022 നൽകി. ഇതിനെ തുടർന്ന് പെർമിറ്റ് പ്രകാരം അനുവദിച്ചതിൽ കൂടുതലായി IV/138 B നമ്പർ കെട്ടിടത്തിൽ നിർമ്മിച്ച 94.86 ച.മീറ്ററിന് റഗുലറൈസേഷൻ ഫീസായി 1330/- രൂപ 121070101455 /10.11.2021 ലെ രശീതി പ്രകാരം അടവാക്കിയിട്ടുണ്ടെന്നും ക്രമ നമ്പർ 2 ആയി പരാമർശിച്ച കെട്ടിട ഉടമ ശ്രീ. അബ്ദുറഹിമാൻ തൈതൊടിക എന്നവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. റഗുലറൈസേഷൻ ഫീസീടാക്കി അറിയിക്കേണ്ടതാണ്.

## 1-24 ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ- ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ചോക്കാട് എന്ന സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. 2021-22 (FC/12 /21-22), 2022-23 (FC/04/22-23) എന്നീ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയർ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളും/സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽവന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ചോക്കാട് എന്ന സ്ഥാപനത്തിൽ 2020-21 വർഷത്തിൽ ജോലി ചെയ്തിട്ടുള്ള മുഴുവൻ ജീവനക്കാരുടെയും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 14/18.11.2022 )

## 1-25 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി കുറവായി നിർണ്ണയിച്ചു

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലുള്ളതോ ആയ വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയുടെ കൂടെ 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള (കംപ്ലീഷൻ പ്ലാൻ പ്രകാരം) താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ സഞ്ചയയിൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു.

| അപേക്ഷ വിവരം | നികുതി നിർണ്ണയിച്ച വിവരം വിവരം | നികുതി നിർണ്ണയിക്കേണ്ടത് |
|---|---|---|
| ശ്രീ. മുഹമ്മദ്കുട്ടി, പുലത്ത് വീട്<br>A5-3791/21/04.10.2021<br>റഗുലറൈസേഷൻ അപേക്ഷ<br>അനുവദിച്ച കെട്ടിട നമ്പർ CP | തറവിസ്തീർണ്ണം- 324.89 ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 324.89 X 4 = 1299.56 | തറവിസ്തീർണ്ണം- 324.89 ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 324.89 X 4 = 1299.56 |

| | | |
|---|---|---|
| 3/254 B | ഇളവ് (10% മേഖല) – 129.95<br>വർദ്ധനവ് - ഇല്ല<br>വാർഷിക വസ്തുനികുതി- 1170<br>ഗ്രന്ഥ ശാല വരി- 59 | ഇളവ് (10% മേഖല) – 129.95<br>വർദ്ധനവ് (വഴി സൗകര്യം 20%) - 259.92<br>വസ്തുനികുതി- 1430<br>ഗ്രന്ഥ ശാല വരി- 72 |
| ശ്രീ.അസ്കർ അലി , വലിയ പീടിയേക്കൽ വീട്<br>A5-34/22/04.01.2022<br>റഗുലറൈസേഷൻ അപേക്ഷ<br>കെട്ടിട നമ്പർ CP 18/1 A | തറവിസ്തീർണ്ണം- 115.74 ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 115.74 X 4 = 462.96<br>ഇളവ് (10% മേഖല) – 46.296<br>വർദ്ധനവ് - ഇല്ല<br>വാർഷിക വസ്തുനികുതി- 417<br>ഗ്രന്ഥ ശാല വരി- 21 | തറവിസ്തീർണ്ണം- 115.74 ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 115.74 X 4 = 462.96<br>ഇളവ് (10% മേഖല) – 46.296<br>വർദ്ധനവ് (വഴി സൗകര്യം 20%) - 93<br>വസ്തുനികുതി- 510<br>ഗ്രന്ഥ ശാല വരി- 26 |

റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 18/18.11.2022 )

## 1-26 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല

വൗച്ചർ നം.22100659/06.01.22 പ്രകാരം 30,525 രൂപ ഗ്രാമപഞ്ചായത്തിലെ 15 പ്രവൃത്തികൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് ,മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ആയവയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയങ്ങൾ ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/2021-22/17.11.22 ന് നൽകിയ മറുപടിയിൽ 15 പ്രവൃത്തികളിൽ ഒന്നിന് മാത്രമാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചത് പ്രസ്തുത തുക പദ്ധതി നിർവ്വഹണ ചെലവിൽ ഉൾപ്പെടുത്തിയത് മാപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ജലനിധി പദ്ധതികൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ എസ് എം ജി ബാങ്കിലുള്ള 40238101008355 നം.ജലനിധി അക്കൗണ്ടിൽ 31.03.2022 ന് 73,33,802 രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 09.04.2021 ലെ നാലാം നം. അജണ്ടയിലെ 2-ാം നം. തീരുമാനപ്രകാരം 2013-14 വർഷം മുതൽ നടന്നു വരുന്ന ജലനിധി പദ്ധതിയുടെ ഫൈനൽ പേമെന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ജലനിധി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 40,14,435 രൂപ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂരിഭാഗം ഗുണഭോക്താക്കൾക്കും ജലം ലഭിക്കാത്ത സാഹചര്യത്തിൽ തുക നൽകേണ്ടതില്ലെന്ന് തീരുമാനമെടുത്തിട്ടിട്ടുണ്ട്.കൂടാതെ, ഭരണ സമിതിയുടെ 26.04.21 ലെ രണ്ടാം നം അജണ്ട ,തീരുമാനം നം. ഒന്ന് പ്രകാരം , ജലനിധി സംബന്ധിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച്, മുഴുവൻ ആളുകൾക്കും വെള്ളം ലഭിച്ച് ആയത് ജലനിധിയിലെ ഒരു സാങ്കേതിക വിദഗ്ദന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം തുക കൈമാറിയാൽ മതി എന്നും തീരുമാനമെടുത്തിട്ടുണ്ട്.പ്രസ്തുത തുകയിൽ ഗ്രാമപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുന്നതാണ്.

ആകയാൽ ഗ്രാമപഞ്ചായത്തിലെ വിവിധ ജലനിധി പദ്ധതികളെ സംബന്ധിച്ച വിവരം ,ഗുണഭോക്താക്കളുടെ എണ്ണം,

നാളിതുവരെ പ്രസ്തുത പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ വിവരം ,വെള്ളം ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ എണ്ണം, ഇപ്പോഴത്തെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( ഓഡിറ്റ് എൻക്വയറി നം. 5/21-22/17.11.22)മറുപടി ലഭ്യമാക്കിയില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തില്ല.

താഴെ പറയുന്ന എൻ ആർ ഇ ജി എസ് പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ കോൺട്രാക്ടർമാർക്ക് പണം നൽകിയപ്പോൾ നിയമപ്രകാരം ഈടാക്കേണ്ട ജി.എസ്.ടി വിഹിതം ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് , അടങ്കൽ, കരാർ | അളവ് പുസ്തകം, ആകെ മൂല്യം | മെറ്റീരിയൽസ് വില | തുക നല്കിയതിന്റെ വിവരം |
|---|---|---|---|---|
| | സ്രാമ്പിക്കല്ല് കോഴിക്കോട്ടുമുണ്ട റോഡിലെ ഓവുപാലം നിർമ്മാണം<br>4,46,571 രൂപ<br>53/20-21/25.11.2020 | 240/21-22<br>3,87,464 | 2,71,580<br>ശ്രീ. അബ്ദുൾ റസാഖ് ഇ,എറമ്പത്ത് വീട് ,സ്രാമ്പിക്കല്ല് ,പുല്ലങ്കോട് പി ഒ | 1. ബിൽനം.37/1605002-ML-10532/16.03.22,<br>2. ബിൽനം. 38/605002-ML-10533/17.03.22,<br>3. ബിൽനം.39/605002-ML-10536/26.03.22, |

ലഭ്യമാക്കേണ്ടതാണ്. GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്ട് പ്രകാരമുള്ള ഇടപാട് മൂല്യം നികുതി കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. അത് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികളുടെ തുകയിൽനിന്ന് 2 % GST ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/2021-22/18.11.2022)

## 1-29 അഗതി രഹിത കേരളം പദ്ധതി - പ്രവർത്തനം -അവലോകനം

അഗതി രഹിത കേരളം പദ്ധതിയുടെ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ(നം. 40238101062371) 31.03.2022 ന് 15,70,557 രൂപ നീക്കിയിരിപ്പുണ്ട്. 2019-20 സാമ്പത്തിക വർഷമാണ് അഗതി രഹിത കേരളം പദ്ധതി ആരംഭിച്ചിട്ടുള്ളത് . ഭക്ഷ്യധാന്യങ്ങൾ കിറ്റ് നൽകൽ,വീട് റിപ്പയറിന് ധനസഹായം നൽകൽ ,വീട് നിർമ്മാണത്തിന് ധനസഹായം നൽകൽ എന്നിവയാണ് 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്തിട്ടുള്ളത്.

അഗതി രഹിത കേരളം പദ്ധതി സംബന്ധിച്ച സ.ഉ (എം എസ് )നം. 252/2017/തസ്വഭവ തി.12.12.2017 നം. ഉത്തരവ് പ്രകാരം എ എ വൈ കാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ റേഷൻ കടകളിൽ നിന്നോ മറ്റു സിവിൽ സപ്ലൈസ് സ്ഥാപനങ്ങളിൽ നിന്നോ ഭക്ഷ്യധാന്യം വാങ്ങിനൽകാവുന്നതും, ഭക്ഷ്യധാന്യങ്ങളുടെയും പരിപ്പു വർഗ്ഗങ്ങളുടെയും വിതരണം സി ഡി എസും ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളും ഉറപ്പു വരുത്തേണ്ടതുമാണ്. റേഷൻ കടകളിൽ നിന്നും ലഭ്യമാകുന്നതിൽ കൂടുതൽ ധാന്യം നൽകേണ്ടതുണ്ടെങ്കിൽ മാത്രമാണ് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകാവുന്നത്. റേഷൻകാർഡില്ലാത്ത അഗതി കുടുംബങ്ങൾക്ക് ആയത് ലഭ്യമാകുന്നത് വരെ പരമാവധി ഒരു വർഷത്തേക്ക് മാത്രമാണ് നൽകാവുന്നത്. ഇതിനു പുറമേ പോഷകാഹര കിറ്റും പ്രതിമാസം നൽകാവുന്നതാണ്.ഒരു അംഗത്തിന് പ്രതിമാസം 500 രൂപയും, രണ്ട് അംഗങ്ങളുള്ള കുടുംബത്തിന് 700 രൂപയും, മൂന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള കുടുംബത്തിന് 900 രൂപയുമാണ് ഇക്കാര്യത്തിൽ വിനിയോഗിക്കാവുന്നത്. പോഷകാഹരകുറവുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ പി എച്ച് സി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതും, പോഷണത്തിൽ ഉണ്ടാകുന്ന പുരോഗതി വിലയിരുത്തേണ്ടതും ഒരു ഹെൽത്ത് കാർഡിൽ വിവരം രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതുമാണ്. ഭക്ഷണം പാചകം ചെയ്യുന്നതിന് ശേഷിയില്ലാത്തവർക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തണം. ദൗർഭാഗ്യവശാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങി നൽകുന്നതിനപ്പുറം കാര്യങ്ങൾ നടത്തിട്ടില്ല.

മേൽ മാർഗ്ഗരേഖ 2.5.5 പ്രകാരം അഗതി കുടുംബങ്ങളെ സന്ദർശിച്ച് പദ്ധതി പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ആയതിന്റെ രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ ആയത് പാലിക്കുന്നില്ല.

2.5.7 പ്രകാരം എല്ലാമാസവും ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും ലഭ്യമാക്കണം എന്നാൽ 2021 നവംബർ മാസങ്ങളിൽ കിറ്റ് നൽകിയിട്ടില്ല. കിറ്റുകൾ വിതരണം ചെയ്യുന്നതിൽ സമയക്ലിപ്തത പാലിക്കുന്നതിലും സ്ഥിരമായി വീഴ്ചവരുന്നുണ്ട്.മിക്കപ്പോഴും രണ്ടുമാസത്തെ കിറ്റുകൾ ഒന്നിച്ചാണ് വിതരണം നടത്തുന്നത്.

കൂടാതെ, പദ്ധതി പ്രകാരം അഗതികൾക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അലോപ്പതി *ആയുർവേദം*/ഹോമിയോ വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസറെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തണം. എന്നാൽ നാളിതുവരെയും അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടില്ല.

ഡി പി ആർ പ്രകാരം വിവിധ ഇനങ്ങളിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ഇനം. | ആവശ്യക്കാരുടെ എണ്ണം | സഹായം ലഭ്യമായ ഗുണഭോക്താക്കളുടെ വിവരം |
|---|---|---|---|
| 1 | ഭക്ഷണം | 161 | 161 |
| 2 | ചികിത്സ | 141 ( എസ് സി - 30, എസ് ടി -5) | 0 |
| 3 | വിദ്യാഭ്യാസം | 35 (എസ് സി - 10, എസ് ടി - 0) | 0 |
| 4 | വസ്ത്രം | 117 (എസ് സി - 30, എസ് ടി - 5) | 0 |
| 5 | ഭൂമി | 5 | 0 |
| 6 | കുടിവെള്ളം | 83(എസ് സി - 16, എസ് ടി - 4) | 0 |
| 7 | വീട് റിപ്പയർ | 44(എസ് സി - 13, എസ് ടി - 0) | 0 |
| 8 | വീട് വയറിംഗ് | 6(എസ് സി - 2, എസ് ടി - 2) | 0 |

ചിക്തസ സഹായം ആവശ്യമുള്ള 141ഗുണഭോക്താക്കൾ ഉണ്ടങ്കിലും നാളിതുവരെയും ആർക്കും തന്നെ ചികിത്സ സൗകര്യം ലഭ്യമായിട്ടില്ല. അഗതി രഹിത കേരളം പദ്ധതി അംഗീകാരത്തിന് നൽകുന്നതിന് മുൻപു തന്നെ എല്ലാവിഭാഗം മെഡിക്കൽ ഓഫീസർമാരെയും വിദഗ്ധരെയും ഉൾക്കൊള്ളിച്ച് മെഡിക്കൽ ക്യമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കാത്തതാണ് കാരണം. അഗതി രഹിത കേരളം പദ്ധതി അംഗീകരത്തിന് നൽകുന്നതിന് മുൻപ് തന്നെ ഈവിധം മെഡിക്കൽ ക്യമ്പ് സംഘടിപ്പിച്ച് ഹെൽത്ത് കാർഡ് അനുവദിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെ ശാരീരിക മാനസിക വിശദാംശങ്ങൾ ഉൾപ്പെടെ വിശദവിവരങ്ങൾ അടങ്ങിയ ഒരു ഫയൽ പി എച്ച് സി കളിൽ സൂക്ഷിക്കേണ്ടതാണങ്കിലും ആയതും പാലിച്ചിട്ടില്ല. പദ്ധതി ഗുണഭോക്താക്കൾക്ക് ആർക്കും ചികിത്സാ സൗകര്യം ലഭിച്ചിട്ടില്ല.

സ.ഉ(എം എസ് ) നം. 126/2018/തസ്വഭവ തീ. 14.09.2018 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങളും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെട്ടിട്ടുണ്ട് എന്ന് കുടുംബശ്രീ ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചിട്ടില്ല. ഭൂരഹിതരായ 5 ഗുണഭോക്താക്കളിൽ ആർക്കും തന്നെ ഭൂമി ലഭ്യമാകാൻ നടപടി സ്വീകരിച്ചിട്ടില്ല.

എന്നാൽ ഡി പി ആർ പ്രകാരം ഭവനം ആവശ്യമുള്ള ഗുണഭോക്താക്കൾ ഇല്ലെങ്കിലും 2021-22ൽ ഒരാൾക്ക് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്താതെ ധനസഹായം അനുവദിച്ച വരുന്നുണ്ട്.ആയത് എപ്രകാരമെന്ന് വ്യക്തമല്ല.

വീട് റിപ്പയർ 44 കുടുംബങ്ങൾക്ക് ആവശ്യമുള്ളതിൽ 18 പേർക്ക് തൻവർഷം ആനുകൂല്യം നൽകി. ആയതിൽ 30 പേർ മാത്രമാണ് സന്നദ്ധത അറിയിച്ചിട്ടുള്ളതെന്നും ആയതിൽ 18 പേർക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് അറിയിച്ചു.പദ്ധതിയിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരം വിദ്യാഭ്യാസം, വീട് വയറിംഗ് , കുടിവെള്ളം എന്നീയിനങ്ങളിൽ കുടുബങ്ങൾക്ക് ആവശ്യമുണ്ടങ്കിലും ആർക്കും തന്നെ നാളിതുവരെയും ആനുകൂല്യം നൽകിയിട്ടില്ല. വീട് വയറിംഗിന് 2021-22 വർഷത്തിൽ എസ് സി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയറിംഗിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അഗതികളായ രണ്ട് എസ് സി കുടുംബങ്ങളെ പരിഗണിച്ചിട്ടില്ല.

പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ചുമതലപ്പെട്ട വിലയിരുത്തൽ സമിതിയുടെ പ്രവർത്തനവും

നാമമാത്രമാണ്.2021-22 വർഷത്തിൽ ഒരു തവണ യോഗം ചേർന്നതൊഴിച്ചാൽ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുകയോ മറ്റുതരത്തിലുള്ള ഇടപെടലുകളോ സമിതി നടത്തിയിട്ടില്ല.

ചലഞ്ച് ഫണ്ട് രണ്ടുഗഡുമാത്രമാണ് ഈക്കാലയളവിൽ ലഭിച്ചിട്ടൊള്ളു. പദ്ധതിയുടെ പുരോഗതി ആശാവഹമല്ലാത്തതിനാൽ മൂന്നാംഗഡു ലഭ്യമായിട്ടില്ല.

ആവശ്യത്തിന് തുക നീക്കിയിരിപ്പുണ്ടായിട്ടും പദ്ധതി പുരോഗതി കൈവരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.11/18.11.22)

## 1-30 എക്കോഷോപ്പ് മുഖേനയുള്ള വാങ്ങൾ - ഗ്രാമപഞ്ചായത്തിന് അധിക ചെലവ്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 79/22 സുഭിക്ഷകേരളം ഫലവൃക്ഷ തൈകളുടെ കിറ്റ് വിതരണം ,പ്രോജക്റ്റ് നം. 86/22 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറിതൈ വിതരണം എന്നീ പദ്ധതികൾ പ്രകാരം പ്ലാൻഫണ്ട് യഥാക്രമം 1,86,000 രൂപ (ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ),2,49,900 രൂപ എന്നിങ്ങനെ വിനിയോഗിച്ച് കൊണ്ട് ചോക്കാട് കൃഷിഭവൻ എക്കോ ഷോപ്പ് മുഖേന വിതരണം നടത്തിയിട്ടുണ്ട്. ഫലവൃക്ഷ തൈകളും, പച്ചക്കറിതൈകളും ഉറവിടത്തിൽ നിന്നും വാങ്ങിയതിന്റെയും എക്കോ ഷോപ്പ് മുഖേന വിതരണം നടത്തിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| ക്രമ നം. | ഇനം. | വാങ്ങലിന്റെ വിവരം | എക്കോ ഷോ മുഖേന ഈടാക്കിയ വില | അധികം നൽകി തുക | റിമാർക്സ് |
|---|---|---|---|---|---|
| | RambuttanGraft | 300എണ്ണം260രൂപ നിരക്കിൽ | 300 എണ്ണം270രൂപ നിരക്കിൽ | (78,000- 81000) 3000 രൂപ | ഗാർഡൻ ഡെക്കർ എടക്കര എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം.462/22-23/24.11.21 പ്രകാരമാണ് വാങ്ങലുകൾ നടത്തിയത് |
| | Vietnam Super Early Jack | 300 എണ്ണം 165രൂപ നിരക്കിൽ | 300 എണ്ണം 175രൂപ നിരക്കിൽ | (49500-52500) 3000 | |
| | Mango All Season | 300 എണ്ണം 165രൂപ നിരക്കിൽ | 300 എണ്ണം 175രൂപ നിരക്കിൽ | (49,500- 52,500) 3000 | |
| | Chilly Seedling | 24,990 എണ്ണം 2.50രൂപ നിരക്കിൽ | 24,990 എണ്ണം 2.50രൂപ നിരക്കിൽ | (59,976-62,475) 2,499 | അബ്ദുൾസലാം മാഞ്ചേരികുരിക്കൾ എന്നയാളിൽ നിന്നാണ് വാങ്ങലുകൾ നടത്തിയത് |
| | Bhindi Seedling | 24,990 എണ്ണം 2.40രൂപ നിരക്കിൽ | 24,990 എണ്ണം 2.50രൂപ നിരക്കിൽ | (59,976-62,475) 2,499 | |
| | Tomato Seedling | 24,990 എണ്ണം 2.40രൂപ നിരക്കിൽ | 24,990 എണ്ണം 2.50രൂപ നിരക്കിൽ | (59,976-62,475) 2,499 | |
| | Brinjal Seedling | 24,990 എണ്ണം 2.40രൂപ നിരക്കിൽ | 24,990 എണ്ണം 2.50രൂപ നിരക്കിൽ | (59,976-62,475) 2,499 | |
| | | | ആകെ അധിക തുക നൽകിയത് | 18,996 | |

നേരിട്ട് വാങ്ങൽ നടത്തി ആയവ വിതരണം നടത്തുന്നതിനെ അപേക്ഷിച്ച് 18,996രൂപ അധികചെലവാണ് എക്കോ ഷോപ്പ് മുഖേന വിതരണം നടത്തിയതിലൂടെ ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ളത്.അധിക തുക നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.25/21-22/19.11.22)

## 1-31 കുടിവെള്ള ടാങ്ക് വിതരണം പദ്ധതി - എസ് സി ,എസ് ടി -അപാകതകൾ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 12/22

പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം പദ്ധതി

വിനിയോഗിച്ച തുക – 4,70,840 രൂപ

2,45,130 രൂപ (പ്ലാൻ - ജനറൽ)

1,08,000 രൂപ (എസ് സി പി )

1,17,710 രൂപ (ഗുണഭോക്തൃ വിഹിതം - സ്ഥാപനത്തിൽ അടവാക്കുന്നത് )

ബിൽ നം. 14/21-22/ 30.03.22 – 1,25,610 രൂപ

ബിൽ നം. 10/21-22/28.02.22 – 1,19,520 രൂപ

ബിൽ നം. 9/21-22/28.02.22 – 1,08,000 രൂപ

2)പ്രോജക്റ്റ് നം. 11/22

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം പദ്ധതി

വിനിയോഗിച്ച തുക – 60,040 രൂപ

18,960 രൂപ (പ്ലാൻ - ജനറൽ)

26,070രൂപ ( ടി എസ് പി )

15,010രൂപ (ഗുണഭോക്തൃ വിഹിതം - സ്ഥാപനത്തിൽ അടവാക്കുന്നത് )

ബിൽ നം. 13/21-22/ 30.03.22 – 18,960 രൂപ

ബിൽ നം. 11/21-22/28.02.22 – 26,070 രൂപ

അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിൽ ,പ്രോജക്റ്റ് നം. 12/22 പ്രകാരം 149 പട്ടികജാതി കുടുംബങ്ങൾക്കും ,പ്രോജക്റ്റ് നം. 11/22 പ്രകാരം 19 പട്ടിക വർഗ്ഗകുടുംബങ്ങൾക്കും കുടിവെള്ള ടാങ്ക് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.ടെണ്ടർ മുഖേന കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി ജി എന്റർപ്രൈസസ് ,വെള്ളയൂർ, കാളികാവ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്റ്റ് നം. 11/22 പ്രകാരം 15,010 രൂപയും ,പ്രോജക്റ്റ് നം. 12/22 പ്രകാരം 1,17,710 രൂപയും ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് പദ്ധതികൾക്കായി വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)ജി എസ് ടി രജിസ്ട്രേഷൻ ഉള്ള സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത് . എന്നാൽ ബില്ലിൽ ജി എസ് ടി ഈടാക്കുകയോ, GST ബാധകമായ ഇടപാടുകളിലും ഒരു കോൺട്രാക്റ്റ് പ്രകാരമുള്ള ഇടപാട് മൂല്യം GST കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. ആയത് പാലിക്കുകയോ ചെയ്തിട്ടില്ല.

3)സബ്സിഡി മാർഗ്ഗരേഖ ജി ഒ (കൈ )നം.22/2018/തസ്വഭവ തീ.14.02.2019 പ്രകാരം മുൻവർഷങ്ങളിൽ സമാന ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീണ്ടും ആനുകൂല്യത്തിന് അർഹരല്ല. പദ്ധതി ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവർ അല്ലെന്ന് ഉറപ്പാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതി ഗുണഭോക്താക്കൾ സ്വന്തമായി ഭവനമുള്ളവരെന്ന് വ്യക്തമല്ല.

5) പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 22/21-22/19.11.22)മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും ഗുണഭോക്തൃ വിഹിതം വിനിയോഗിച്ചതിന്റെയും,ജി എസ് ടി ഈടാക്കിയതിന്റെയും, 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കിയതിന്റെയും, പദ്ധതി ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവർ അല്ലെന്ന് ഉറപ്പാക്കിയതിന്റെയും,പദ്ധതി ഗുണഭോക്താക്കൾ സ്വന്തമായി ഭവനമുള്ളവരെന്നതിന്റെയും, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.ചെലവുതുക 5,30,880രൂപ(4,70,840+ 60,040) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-32 മരണപ്പെട്ട ക്ഷേമപെൻഷനർക്ക് നിലവിലും ക്ഷേമപെൻഷൻ അനുവദിക്കുന്നു.

ക്ഷേമപെൻഷനുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 09.07.21 ന് മരണപ്പെട്ട ശ്രീ.മൊയ്തീൻ കുറുംകാട്ടിൽ ,പുല്ലങ്കോട് പി ഒ എന്ന വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവിന്, (പെൻഷൻ ഐ ഡി നം.109040201026)(ആധാർ നം. 859281860399) ടി യാന്റെ മരണം ഗ്രാമപഞ്ചായത്തിൽ സമയബന്ധിതമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടും, (രജി .നം. 80/21 തീ.09.08.21 )ആയതിന് ശേഷം നാളിതുവരെയും (2022 സെപ്റ്റംബർ വരെ )ടിയാന്റെ കേരള ഗ്രാമീൺ

ബാങ്കിലുള്ള 40238100311661 അക്കൗണ്ടിലേക്ക് പെൻഷൻ അനവദിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടു. അപാകത പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 21/19.11.22)ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കിന് കത്തു നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കി. പെൻഷൻ സസ്പെൻഡ് ചെയ്ത് വിവരമറിയിക്കേണ്ടതും 7/21 മതൽ 2022 സെപ്റ്റംബർ വരെ അനുവദിച്ച ക്ഷേമ പെൻഷൻ തുക 24,000രൂപ (15*1600)തിരികെ ഈടാക്കി വിവരം ആറിയിക്കേണ്ടതുമാണ്.

## 1-33 ഉപയോഗക്രമം മാറ്റം വരുത്തി വസ്തുനികുതി പുനർനിണ്ണയിച്ചില്ല.

ചോക്കാട് വില്ലേജിൽ ഉൾപ്പെട്ട സർവ്വെ നമ്പർ 128/21-1,21/4,21/5 ൽപ്പെട്ട സ്ഥലത്ത് ശ്രീ.ജോണി, കളത്തുങ്ങൽ വീട് എന്നവരുടെ ഉടമസ്ഥതയിലുള്ള 7/490A നമ്പർ വാസഗൃഹത്തിന്റെ ഉപയോഗക്രമം ഗ്രൂപ്പ് A2 ഗണത്തിൽപ്പെടുന്ന റിസോർട്ട് ആക്കി മാറ്റുന്നതിനാണ് A5-5030/21/27.12.2021 ( ഇ ഫയൽ 1558504) നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. സൈറ്റ് പരിശോധിച്ച് നിർമ്മാണം നിലവിൽ കെട്ടിടത്തിന്റെ വിസ്തൃതി 37.69 ച.മീറ്റർ ആണെന്നും കെട്ടിട നിർമ്മാണം ചട്ടങ്ങൾ പാലിച്ചുകൊണ്ടാണെന്നും ആയതിനാൽ ഉപയോഗക്രമം മാറ്റി നൽകാവുന്നതാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ( 18.11.2022) സഞ്ചയയിൽ മേൽ നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ചോക്കാട് ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് - 4 /ച.മീ

റിസോർട്ടുകൾ - 80 /ച.മീ

സഞ്ചയയിൽ മേൽ നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരം 7/490A നമ്പർ കെട്ടിടത്തിന്റെ നികുതി വിവരം | ഉപയോഗക്രമം റിസോർട്ട് |
|---|---|
| തറവിസ്തീർണ്ണം- 45.99ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 45.99 X 4 = 183.96<br>ഇളവ് -20%(10% മേഖല+ മേൽക്കൂര) – 36.792<br>വർദ്ധനവ് - ഇല്ല<br>വാർഷിക വസ്തുനികുതി- 148<br>ഗ്രന്ഥ ശാല വരി- 7 | തറവിസ്തീർണ്ണം- 37.69 ച.മീ (വാസഗൃഹം)<br>അടിസ്ഥാന വസ്തുനികുതി- 37.69 X 80 = 3015.2<br>ഇളവ് -20%(10% മേഖല+ 10% മേൽക്കൂര) – 603.04<br>വർദ്ധനവ് - ഇല്ല<br>വാർഷിക വസ്തുനികുതി- 2412.16<br>ഗ്രന്ഥ ശാല വരി- 121 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 23/19.11.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന മറുപടിയാണ് ഹാജരാക്കിയത്. നിലവിലുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം ഗ്രൂപ്പ് A2 ഗണത്തിൽപ്പെടുന്ന റിസോർട്ട് ആക്കി മാറ്റുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 റോഡ് കോൺക്രീറ്റിന് അധികനിരക്ക് നൽകി: നഷ്ടം 49419 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ, ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം, ഏകദേശം 60 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടതിൽ ഏകദേശം 56 എണ്ണത്തിന് 1:2:4 അനുപാതത്തിലുള്ള Cement Concreting ചെയ്തിട്ടുള്ളത്തിന് MORD സ്പെസിഫിക്കേഷൻ കോഡ് 75.8.1 പ്രകാരമുള്ള 7582.91/m3 (C I 31.06%) എന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇത് സൈഡ് ഷട്ടറിംഗ് ഉൾപ്പെടെയുള്ള നിരക്കാണ്. എന്നാൽ, മേൽ 56 എണ്ണത്തിലെ 15 എണ്ണം നേരിൽ പരിശോധിച്ചതിൽ 9 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 16-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടുകയും അസി.എഞ്ചിനീയർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (സ്ഥല പരിശോധനാ റിപ്പോർട്ട് കാണുക) സൈഡ് ഷട്ടറിംഗ് ഉൾപ്പെടുത്തേണ്ടാത്തതായ പ്രവൃത്തികൾക്ക് Od 1395324/21-22 Observed Data പ്രകാരമുള്ള, സൈഡ് ഷട്ടറിംഗിനുള്ള നിരക്ക് കുറച്ച നിരക്കായ 7291.26/m3 രൂപയാണ് അനുവദിക്കാവുന്നത്. ആയതിന് പകരം MORD SOR 75.8.1 പ്രകാരമുള്ള നിരക്ക് നൽകിയത് വഴി താഴെ പറയും പ്രകാരം 49419 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

| 1 M3 ന് അധികം നൽകിയത്: | |
|---|---|
| MORD 2016,Cost Index 31.06% പ്രകാരം | 7582.91-7291.26 = 291.65 രൂപ |

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതി വിശദാംശം | ചെയ്ത അളവ് | അധികം നൽകിയ തുക |
|---|---|---|---|
| 1 | കോഴിക്കോടൻമുണ്ട റോഡ് കോൺക്രീറ്റ്, 67/22<br>അടങ്കൽ: 350000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: ശ്രീ കെ എം ജോസഫ്<br>കരാർ: 317/AE/LID&EW/CKD/21-22 /5-11-21<br>(31.00% Below ER)<br>ചെലവ്: 172259 രൂപ<br>വൗച്ചർ നമ്പർ: 40/21-22/22-2-22<br>അളവ് പുസ്തകം: 17/21-22<br>അളവെടുത്ത തീയതി: 10-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.462 M3 | 27.462m3x291.65= 8009.29<br>(+) 12% GST: = 961.11<br>ആകെ: 8970.40<br>(-)Tendervariation31.0% : 2780.82<br>ബാക്കി: 6189.57<br>(കുറിപ്പ്: ഒരു ഭാഗം സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6189.57 X 50 % = 3094.78<br>Rounded: 3095 രൂപ |
| 2 | തയ്യിൽ കെട്ടുങ്ങൽ റോഡ് കോൺക്രീറ്റ്, 145/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 18/AE/LID&EW/CKD/21-22 /5-11-21<br>(30.61% Below ER)<br>ചെലവ്: 173307 രൂപ<br>വൗച്ചർ നമ്പർ: 44/21-22/22-2-22<br>അളവ് പുസ്തകം: 18/21-22<br>അളവെടുത്ത തീയതി: 9-2-22 (അളവ് | 27.691 M3 | 27.691m3x291.65= 8076.08<br>(+) 12% GST: = 969.12<br>ആകെ: 9045.20<br>(-)Tendervariation30.61%: 2768.73<br>ബാക്കി: 6276.46<br>Rounded: 6276 രൂപ |

| | | | |
|---|---|---|---|
| | പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | | |
| 3 | കുന്നമ്മൽ കുഞ്ഞാണിപ്പടി രാമേട്ടൻപടി റോഡ് കോൺക്രീറ്റ്, 141/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 11/AE/LID&EW/CKD/21-22 /5-11-21<br>( 31.20% Below ER)<br>ചെലവ്: 171759 രൂപ<br>വൗച്ചർ നമ്പർ: 38/21-22/17-2-22<br>അളവ് പുസ്തകം: 11/21-22<br>അളവെടുത്ത തീയതി: 5-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 28.63 M3 | 28.63m3x291.65= 8349.93<br>(+) 12% GST: = 1001.99<br>ആകെ: 9351.92<br>(-)Tendervariation31.2%: 2917.79<br>ബാക്കി: 6434.12<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6434.12 X 50 % = 3217.06<br>Rounded: 3217 രൂപ |
| 4 | കുളം പടി ഹംസപ്പടി റോഡ് കോൺക്രീറ്റ്, 66/22<br>അടങ്കൽ: 350000 രൂപ ( MG റോഡ് ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അജയ് കൃഷ്ണ എ<br>കരാർ: 26/AE/LID&EW/CKD/21-22 /3-1-22<br>(ER)<br>ചെലവ്: 349483 രൂപ<br>വൗച്ചർ നമ്പർ: 30/21-22/4-2-22<br>അളവ് പുസ്തകം: 26/21-22<br>അളവെടുത്ത തീയതി: 29-11-21 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 38.17 M3 | 38.17m3x291.65= 11132.28<br>(+) 12% GST: = 1335.87<br>ആകെ: 12468.15<br>(-)Tendervariation Nil%: 00.00<br>ബാക്കി: 12468.15<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>12468.15 X 50 % = 6234.07<br>Rounded: 6234 രൂപ |
| 5 | സ്രാമ്പിക്കല്ല് അംഗണവാടി റോഡ് കോൺക്രീറ്റ്, 67/22<br>അടങ്കൽ: 350000 രൂപ ( വികസന ഫണ്ട് (G )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 32/AE/LID&EW/CKD/21-22 /5-1-22<br>( ER)<br>ചെലവ്: 349758രൂപ<br>വൗച്ചർ നമ്പർ: 32/21-22/4-2-22<br>അളവ് പുസ്തകം: 32/21-22<br>അളവെടുത്ത തീയതി: 27-1-22 (അളവ് | 39.878 M3 | 39.878m3x291.65= 11630.41<br>(+) 12% GST: = 1395.65<br>ആകെ: 13026.06<br>(-)Tendervariation0% : 00.00<br>ബാക്കി: 13026.06<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>13026.06 X 50 % = 6513.03<br>Rounded: 6513 രൂപ |

| | | | |
|---|---|---|---|
| | പുസ്തകം പേജ് 7)<br>MORD-2016,C I 31.06% | | |
| 6 | മരുതങ്കാട് കുറിഞ്ഞിയമ്പലം റോഡ് കോൺക്രീറ്റ്, 140/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 10/AE/LID&EW/CKD/21-22 /5-11-21<br>( 32.00% Below ER )<br>ചെലവ്: 169762രൂപ<br>വൗച്ചർ നമ്പർ: 37/21-22/17-2-22<br>അളവ് പുസ്തകം: 140/21-22<br>അളവെടുത്ത തീയതി: 9-2-22 (അളവ് പുസ്തകം പേജ് 7)<br>MORD-2016,C I 31.06% | 27.27 M3 | 27.27m3x291.65= 7953.29<br>(+) 12% GST: = 954.39<br>ആകെ: 8907.68<br>(-)Tendervariation32.0%: 2850.45<br>ബാക്കി: 6057.22<br>(കുറിപ്പ്: 50% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6057.22 X 50 % = 3028.61<br>Rounded: 3029 രൂപ |
| 7 | കുട്ടിക്കുന്ന് കുമ്മാളിപ്പടി റോഡ് കോൺക്രീറ്റ്, 134/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 14/AE/LID&EW/CKD/21-22 /5-11-21<br>( 30.81% Below ER )<br>ചെലവ്: 172904രൂപ<br>വൗച്ചർ നമ്പർ: 43/21-22/22-2-22<br>അളവ് പുസ്തകം: 14/21-22<br>അളവെടുത്ത തീയതി: 14-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 28.388 M3 | 28.388m3x291.65= 8279.36<br>(+) 12% GST: = 993.52<br>ആകെ: 9272.88<br>(-)Tendervariation30.81%: 2856.97<br>ബാക്കി: 6415.90<br>Rounded: 6416 രൂപ |
| 8 | മൈലാടിച്ചോല കുപ്പച്ചിപ്പടി പാന്തൽപടി റോഡ് കോൺക്രീറ്റ്, 153/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് ഇ<br>കരാർ: 6/AE/LID&EW/CKD/21-22 /5-11-21<br>( 31.41% Below ER )<br>ചെലവ്: 171310രൂപ<br>വൗച്ചർ നമ്പർ: 42/21-22/22-2-22<br>അളവ് പുസ്തകം: 6/21-22<br>അളവെടുത്ത തീയതി: 14-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.282 M3 | 27.282m3x291.65= 7956.79<br>(+) 12% GST: = 954.81<br>ആകെ: 8911.60<br>(-)Tendervariation31.41%: 2799.13<br>ബാക്കി: 6112.46<br>(കുറിപ്പ്: 10% സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക പരിമിതപ്പെടുത്തിയത്)<br>6112.46 X 90 % = 5501.22<br>Rounded: 5501 രൂപ |

| | | | |
|---|---|---|---|
| 9 | മമ്പാട്ടുമൂല ഷാജിപ്പടി റോഡ് കോൺക്രീറ്റ്, 152/22<br>അടങ്കൽ: 250000 രൂപ ( CFC ഗ്രാന്റ് )<br>കരാറുകാരൻ: ശ്രീ സൈഫുള്ള കെ<br>കരാർ: 22/AE/LID&EW/CKD/21-22 /31-12-21<br>(ER)<br>ചെലവ്: 249650രൂപ<br>വൗച്ചർ നമ്പർ: 36/21-22/17-2-22<br>അളവ് പുസ്തകം: 22/21-22<br>അളവെടുത്ത തീയതി: 8-2-22 (അളവ് പുസ്തകം പേജ് 6)<br>MORD-2016,C I 31.06% | 27.975 M3 | 27.975m3x291.65= 8158.90<br>(+) 12% GST: = 979.06<br>ആകെ: 9137.96<br>(-)Tendervariation 0 %: 00<br>ബാക്കി: 9137.96<br>Rounded: 9138 രൂപ |
| | | ആകെ | 49419 രൂപ |

സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തിക്ക് ആയത് ഉൾപ്പെടെയുള്ള നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ 49419 രൂപ അതാത് പ്രവത്തിയുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം ഈ ഇനം പ്രവൃത്തിയുടെ അളവെടുത്ത ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതുമാണ്. കൂടാതെ, മേൽ 56 എണ്ണത്തിലെ 15 എണ്ണം പരിശോധിച്ചതിൽ 9 പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെന്ന്/ഭാഗികമായി മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് 16-11-22 ന് അസി.എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നൃദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ 56 എണ്ണത്തിലെ 15 എണ്ണം ഒഴികെയുള്ള പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് നടത്തിയിട്ടുണ്ടോയെന്ന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും സൈഡ് ഷട്ടറിംഗ് നടത്തിയിട്ടില്ലെങ്കിൽ കരാറുകാരിൽ നിന്ന് മേൽ നിരക്ക് പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 15/18-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 49419/- രൂപ, പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്ല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ടെണ്ടർ Below കുറവ് ചെയ്തില്ല; 41972 രൂപയുടെ നഷ്ടം

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: ചോക്കാട് ഗവൺമെന്റ് സ്കൂൾ നവീകരണം 226/22

അടങ്കൽ: 300000 രൂപ. (MG- N R)

കരാറുകാരൻ: ശ്രീ ഫൈസൽ ഹഖ് ടി (14% Below E R)

കരാർ: 37/AE/LID & EW/CKD/21-22/17-1-22

അളവ് പുസ്തകം: 37/22

ചെലവ്: 299801 രൂപ

ബിൽ നംപർ: 72/21-22/30-3-22

മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാളും 14 % കുറവ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ഫൈസൽ ഹഖിന്റെ ടെണ്ടർ അംഗീകരിച്ച് മേൽ പ്രകാരം കരാർ വെക്കുകയും ടി യാൻ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | നൽകിയത്(രൂപ) | നൽകാവുന്നത് (രൂപ) | അധികം (രൂപ) |
|---|---|---|---|
| മൂല്ല്യനിർണ്ണയം | 267679.29 | 267679.29 | |
| (-) ടെണ്ടർ കുറവ് 14% | ----------- | 37475.10 | |

| | | | |
|---|---|---|---|
| ബാക്കി | 267679.29 | 230204.19 | |
| (+) 12% GST | 32121.51 | 27624.50 | |
| ആകെ | 299801 (Rounded) | 257829 (Rounded) | 41972 |
| (-) നികുതികൾ | 10708 | 9208 | 1500 |
| കരാറുകാരന് | 289093 | 248621 | 40472 |

ടെണ്ടർ Below കുറവ് ചെയ്യാതിരുന്നതിനും ആയത് വഴി അധികത്തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരന് അധികം നൽകിയ 40472 രൂപ കരാറുകാരനിൽ നിന്നീടാക്കേണ്ടതും നികുതിയിനത്തിൽ അധികം നൽകിയ 1500 രൂപ (10708 – 9208) അതാത് സ്ഥാപനങ്ങളിൽ നിന്നീടാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 1/14-11-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 41972/- രൂപയിൽ, 40472 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം തുക അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതും നികുതിയിനത്തിൽ അധികം നൽകിയ 1500 രൂപ അതാത് സ്ഥാപനങ്ങളിൽ നിന്നീടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

## 3-3 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് നൽകി: നഷ്ടം 14261 രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിൽ, Purlin നിർമിച്ചതിന് പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ പ്രകാരമുള്ള സിംഗിൾ സെക്ഷൻ നിരക്കും അവശേഷിക്കുന്നവക്ക് ട്രസ്സ് വർക്കിന് ബാധകമായ നിരക്കമാണ് (Code 50.10.1) നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിധ്യത്തിൽ 16-11-22 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്. ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| പ്രവൃത്തി: താൾക്കണ്ടി അംഗനവാടി സ്മാർട്ട് ആക്കൽ 31/22<br>അടങ്കൽ: 200000 രൂപ. (MG- N R)<br>കരാറുകാരൻ: ശ്രീ അജയ് കൃഷ്ണ (E R)<br>കരാർ: 1/AE/LID &EN/20-21 /CKD/21-22/1-11-21<br>TS: LSGD/TS/21-22/38006/27-9-21<br>അളവ് പുസ്തകം: 1/21-22<br>ചെലവ്: 199499 രൂപ<br>വൗച്ചർ നംപർ:31/21-22/4-2-22 | ഇനം 1<br>456.558Kg<br>കുറിപ്പ്: ആകെ 490.105 Kg ചെയ്തതിൽ 33.547 Kg, Built Up ആണ്) | 59927.80 രൂപ<br>@131.26/Kg | 48796.91 രൂപ<br>@106.88/kg | 11130.88 രൂപ<br>(+)12% GST:1335.70 )<br>ആകെ: 12466.58<br>Ie.. 12467രൂപ |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ്: 31.06% | | | | |
| പ്രവൃത്തി: ഉദരംപോയിൽ സ്കൂൾ ക്ളാസ്സ് റൂം നിർമാണം248/22<br>അടങ്കൽ: 300000 രൂപ. (വികസന ഫണ്ട്-G)<br>കരാറുകാരൻ: ശ്രീ അബ്ദു റസാക് (E R)<br>കരാർ: 80/AE/LID /20-21/&EN/CKD /21-22/11-3-22<br>TS: LSGD/TS/21-22/10377/22-2-22<br>അളവ് പുസ്തകം: 81/21-22, 81 A/21-22<br>ചെലവ്: 298485 രൂപ<br>വൗച്ചർ നംപർ: 100/21-22 /30-3-22:Rs 25633<br>വൗച്ചർ നംപർ: 105/21-22 /30-3-22:Rs 42152<br>കോസ്റ്റ് ഇൻഡക്സ്: 36.44% | ഇനം 1<br>42.39Kg | 8099.88 രൂപ<br>@191.08/Kg | 6497.96 രൂപ<br>@153.29/kg | 1601.91 രൂപ<br>(+)12% GST: 192.23<br>ആകെ: 1794.14<br>le.. 1794/- രൂപ |
| | | | ആകെ | 14261 രൂപ |

അധികം നൽകിയ 14261 രൂപ മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നോ അല്ലാത്തപക്ഷം മേൽ പ്രവൃത്തിയുടെ അളവെടുത്ത/ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/18-11-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 14261/- രൂപ, പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 15.11.2022 മുതൽ 16.11.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 750000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (116/22) | 750000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 119348 | നെൽകൃഷിക്ക് വിത്ത് വിതരണം വിക, കൂലിച്ചെലവ് സബ്സിഡി (221/22) | 119348 | 0 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 165704 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി –(44/22) | 165704 | 0 |
| ജില്ലാ പഞ്ചായത്ത് | 783750 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (116/22) | 783750 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (HUDCO) | GO(MS)68/2018 /LSGD/ 18.05.18 | 3920000 | 18603702 | 1950666 | 0 | 20573036 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 54955/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2004-05 | 3-11 | 347 | ശ്രീ.കെ.സുധാകരൻ | 121070102222/20.12.2021 |
| 2003-04 | 3-4 | 392 | ശ്രീ.വി.ടി.സുരേന്ദ്രൻ | 121070102225/20.12.2021 |
| 2004-05 | 3-12 | 592 | സെക്രട്ടറി ചോക്കാട് ഗ്രാമ പഞ്ചായത്ത് | 121070103508/14.02.2022 |
| 2004-05 | 3-8 | 664 | സെക്രട്ടറി ചോക്കാട് ഗ്രാമ പഞ്ചായത്ത് | 121070103509/14.02.2022 |
| 2009-10 | 3-5 | 340 | ശ്രീ.കെ.വി.കുര്യാക്കോസ് | 121070103510/14.02.2022 |
| 2004-05 | 2-2 | 133 | സെക്രട്ടറി ചോക്കാട് ഗ്രാമ പഞ്ചായത്ത് | 121070103511/14.02.2022 |
| 2009-10 | 3-18 | 1491 | ശ്രീമതി.കമലാവതി | 121070104250/09.03.2022 |
| 2020-21 | 1-21 | 16501 | ശ്രീ.അജയ്കൃഷ്ണ | 121070102384/28.12.2021 |
| 2020-21 | 1-21 | 34495 | ശ്രീ.സൈഫുള്ള | 121070102356/27.12.2021 |

(AFS പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് 38454/- രൂപയാണ്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്)

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 103479756 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 93163626 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 105652 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 20018 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 49419 | ശ്രീമതി.ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ – 24710/-<br>ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 24709/- |
| 3-2 | | 41972 | ശ്രീമതി.ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 14261 | ശ്രീമതി.ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ- 7136/-<br>ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ – 7135/- |
| ആകെ | | 105652 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 20018 | ഡോ.നിസാം അലി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 20018 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈനി കെ പോൾ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , ചോക്കാട് ഗ്രാമപഞ്ചായത്ത് | കൊട്ടോട്ടിൽ ഹൗസ്, പുത്തൻകുരിശ് (പി.ഒ), എറണാകുളം 682308 |
| ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | യോഗത്ത് വീട്,മണ്ണാർമല (പി ഒ),പട്ടിക്കാട് ,മലപ്പുറം ജില്ല. |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022 | 2 |
| 2002-03 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(1) | 1 |
| 2003-04 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(2) | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(3) | 6 |
| 2005-06 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(4) | 3 |
| 2006-07 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(5) | 4 |
| 2007-08 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(6) | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(7) | 4 |
| 2009-10 | കെ.എസ്.എ.എം.പി.എം.26/2115/22 തി.21-10-2022(8) | 9 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.26/2705/19 തീയതി 03-03-2022 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 18-07-2022 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 19-07-2022 | 6 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 19-07-2022 | 3 |
| 2017-18 | കെ.എസ്.എ.എം.പി.എം.26/749/2020 തീയതി 19-07-2022 | 8 |
| 2018-19 | കെ.എസ്.എ.എം.പി.എം.26/2266/21 തീയതി 14-09-2022 | 10 |
| 2019-20 | കെ.എസ്.എ.എം.പി.എം.26/2266/21 തീയതി 13-09-2022 | 10 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2020-21 | കെ.എസ്.എ.എം.പി.എം.26/2267/21 തീയതി 18-03-2022 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.12/2022

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്